ക്രമപ്രശ്നം

(2) ബില്ലിലെ അപാകത

ശ്രീ. കെ. സി. ജോസഫ് : സർ, പ്ലാച്ചിമട കൊക്കകോള വിക്റ്റിംസ് റിലീഫ് കോമ്പൻസേഷൻ ക്ലെയിംസ് ട്രൈബ്യൂണൽ ബിൽ-2011 ഇവിടെ അവതരിപ്പിച്ചു. സാധാരണ റിപ്പോർട്ട് വരുമ്പോൾ ഹാജരായ മെമ്പേഴ്സിന്റെ പേര് ആ യോഗത്തിന്റെ മിനിറ്റ്സിൽ ഉണ്ടാകും. കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്. ഹാജരായവർ ആരൊക്കെയാണ് ; ഡിസന്റുണ്ടെങ്കിൽ അത്, ഇതിൽ അതൊന്നുമില്ല. വളരെ ലാഘവ ബുദ്ധിയോടുകൂടിയാണിത് കൈകാര്യം ചെയ്തിരിക്കുന്നത്. ഇത് ശരിയായ കീഴ്വഴക്കമല്ല.

മി. സ്പീക്കർ : ചെയർ അത് പരിശോധിക്കുന്നതാണ്.

IX ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേക്ക് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് സംബന്ധിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2011-2012 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഇനി ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(10) തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 49,36,17,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(24) മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 43,32,12,000 ക.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly